**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5114** **20-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി മണ്ഡലത്തിലെ ഈങ്ങാപ്പുഴ സ്മാർട്ട് വില്ലേജ് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി മണ്ഡലത്തിലെ ഈങ്ങാപ്പുഴ വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തിരുവമ്പാടി മണ്ഡലത്തിലെ ഈങ്ങാപ്പുഴ വില്ലേജ് ഓഫീസിന് SASCI പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ എൻഎച്ച്-766 ആറ് വരിയായി വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഈങ്ങാപ്പുഴ വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന മലപ്പുറം ദേശത്ത് റി.സ. 15-ൽ ഉള്ള 5 സെന്റ് സ്ഥലത്തിന്റെ 2 മീറ്ററോളം ഭൂമി നഷ്ടപ്പെടാൻ സാധ്യതയുള്ളതും പ്രസ്തുത വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം പുതിയ കെട്ടിടത്തിന് തുടർന്ന് അനുയോജ്യമല്ലാതായി മാറുമെന്നതിനാലും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സ രഹിത ഭൂമി ലഭ്യമല്ലെന്നുള്ള താമരശ്ശേരി തഹസിൽദാറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഈങ്ങാപ്പുഴ വില്ലേജ് ഓഫീസ് നിർമ്മാണ പ്രവൃത്തി തത്കാലത്തേക്ക് ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ സ്ഥലം ലഭ്യമാകുന്ന മുറക്ക് ഈങ്ങാപ്പുഴ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് പരിഗണിക്കാവുന്നതാണ്. |
| (ബി) | നിർമ്മാണ ഏജൻസി ആരാണെന്നും നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | ‘എ’ പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ